File No. ANERT-TECH/150/2018-TO(MJ)

05/12/2019

**ക്വട്ടേഷൻ/ലേല നോട്ടീസ്**

കേരള ശാസ്ത്രസാങ്കേതിക മ്യൂസിയം കോമ്പൌണ്ടിൽ പാർക്ക് ചെയ്തിരിക്കുന്ന അനെർട്ടിന്റെ KL 01 578 MREDU Exhibition Van അനെർട്ടിന്റെ ആസ്ഥാന കാര്യാലയത്തിൽ (ലോ കോളേജ് റോഡ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം -695 033) വച്ച് 08.01.2020 ന് രാവിലെ 11.30 ന് പരസ്യമായി ലേലം ചെയ്ത് വില്ക്കുന്നതാണ്. ഇതിനായുള്ള ക്വട്ടേഷൻ 08.01.2020 ന് രാവിലെ 11.00 മണിക്ക് മുമ്പായി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷകൾ 5,000/- രൂപാ നിരതദ്രവ്യം സഹിതം അപേക്ഷിക്കേണ്ടതാണ്. വാഹനവും റെക്കോർഡുകളും നിലവിലുള്ള അവസ്ഥയിൽ അനെർട്ട് ആസ്ഥാനകാര്യാലയത്തിൽ വച്ച് ലേലം ചെയ്യുന്നതാണ്. 07.01.2020 03.00 PM ഇത് പരിശോധിക്കാവുന്നതാണ്.

ഈ ലേലം ഒരു കാരണവും കൂടാതെ മാറ്റി വയ്ക്കുന്നതിനോ നടത്താതിരിക്കുന്നതിനോ ഉള്ള അധികാരം ഡയറക്ടറിൽ നിക്ഷിപ്തമാണ്.

ജനറൽ മാനേജർ

AGENCY FOR NON-CONVENTIONAL ENERGY & RURAL TECHNOLOGY
ANERT
TVM

File No. ANERT-TECH/150/2018-TO(MJ)

05/12/2019

# വാഹനലേലം അറിയിപ്പ്

അനെർട്ട് വക 1995 Exhibition Van KL 01 578 MREDU **08.01.2020** ന് 11 മണിക്ക് അനെർട്ട് ഹെഡ്ക്വാർട്ടേഴ്സിൽ വച്ച് പരസ്യമായി ക്വട്ടേഷൻ/ലേലം ചെയ്തു വില്ക്കുന്നു.

**ക്വട്ടേഷൻ ലഭിക്കേണ്ട അവസാന സമയം** - 08.01.2020 11 മണി

**ക്വട്ടേഷൻ തുറക്കേണ്ട സമയം** - 08.01.2020 11.30 മണി

**പൊതു നിബന്ധനകൾ**

1. വാഹനവും അതിന്റെ റെക്കോർഡുകളും 07.01.2020 വൈകുന്നേരം 03.00 PM വരെ പരിശോധിക്കാവുന്നതാണ്.
2. 08.01.2020 11.30 ന് ക്വട്ടേഷൻ തുറക്കുന്നതിനു മുമ്പായി പരസ്യമായ ലേലം നടത്തുന്നതും അതിനുശേഷം ക്വട്ടേഷൻ തുറക്കുന്നതുമാണ്.
3. ലേലത്തിൽ പങ്കെടുക്കുന്നവർ 5,000/- രൂപാ(അയ്യായിരം രൂപ മാത്രം) പണമായി നിരതദ്രവ്യം അടച്ച രസീത് ഒപ്പം നല്കേണ്ടതാണ്. ഇതിനു പലിശ ലഭിക്കുന്നതല്ല. ലേലം കൊള്ളുന്നവരുടെ നിരതദ്രവ്യം (ആദ്യത്തെ 3 ഉയർന്ന തുക ഒഴികെ) കഴിയുന്നത്ര വേഗത്തിൽ തിരിച്ചു നൽകുന്നതാണ്.
4. ഏറ്റവും ഉയർന്ന നിരക്കിൽ ക്വട്ടേഷൻ/ലേലം കൊള്ളുന്നവർക്ക് നിരതദ്രവ്യം കൂടാതെ ലേലതുകയുടെ 50% തുക കൂടി തൽസമയം അടച്ച് രസീത് വാങ്ങേണ്ടതാണ്. ഇങ്ങനെ ചെയ്യാത്ത പക്ഷം രണ്ടാമതായി ഏറ്റവും ഉയർന്ന സംഖ്യ ക്വട്ടേഷൻ/ലേലം ചെയ്യുന്ന ആൾക്ക് ലേലം സ്ഥിരപ്പെടുത്തുവാൻ അനെർട്ടിന് അധികാരമുണ്ടായിരിക്കുന്നതാണ്.
5. ക്വട്ടേഷൻ/ലേലം സംഖ്യ അക്കത്തിലും അക്ഷരത്തിലും കാണിച്ച പങ്കെടുക്കുന്ന ആളുകളുടെ പേരും, മുഴുവൻ മേൽ വിലാസവും, പിൻ കോഡും സഹിതം നിർദ്ദിഷ്ട ഫോറത്തിൽ പൂർണ്ണ ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ/ലേലം ഏതെങ്കിലും തിരുത്തലുകൾ യഥാർത്ഥ ലേലക്കാരന്റെ പൂർണ്ണ ഒപ്പിട്ടു സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിരതദ്രവ്യം അടച്ച രസീത് ഇല്ലാതെയും, ടെലഗ്രാഫ് ഫാക്സ് ഇ-മെയിൽ എന്നിവ വഴിയും ലഭിക്കുന്ന ക്വട്ടേഷൻ/ലേലം പരിഗണിക്കുന്നതല്ല. ആദ്യം ലേലം നടത്തുന്നതും, തുടർന്ന് ക്വട്ടേഷൻ പരിശോധിച്ച് കൂടുതൽ തുക ഓഫർ ചെയ്യപ്പെടുന്ന സംഖ്യ സ്വീകരിക്കപ്പെടുന്നതുമാണ്.

6. ലേലത്തിൽ പങ്കെടുക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ നിശ്ചിത സമയം ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്നതാണ്. ഏജന്റുമാരെ പങ്കെടുപ്പിക്കുമ്പോൾ ഡയറക്ടർക്ക് മുൻകൂട്ടി അപേക്ഷ നല്കേണ്ടതും പ്രസ്തുത ഏജന്റിന്റെ ഒപ്പ് ലേലക്കാരൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
7. ക്വട്ടേഷൻ/ലേലം ഏറ്റവും ഉയർന്ന ഓഫർ ചെയ്യുന്ന ആദ്യത്തെ 3 പേരുടെ നിരതദ്രവ്യം ലേല വസ്തു മുഴുവൻ സംഖ്യയും ജി എസ്.റ്റി ഉൾപ്പെടെ അടച്ച് തീർക്കുന്നതുവരെ അനെർട്ട് ഓഫീസിൽ സൂക്ഷിക്കുന്നതാണ്.
8. ലേലം കൊണ്ട തിയതി മുതൽ 5 ദിവസത്തിനകം വാഹനത്തിന്റെ മുഴുവൻ സംഖ്യയും, ജി.എസ്.റ്റി യും ചേർത്ത് അടച്ചുതീർത്തു ലേലം കൊണ്ടയാളുടെ സ്വന്തം ഉത്തരവാദിത്തത്തിലും സ്വന്തം ചെലവിലും കൊണ്ട് പോകേണ്ടതാണ്. അല്ലാത്ത പക്ഷം തറവാടകയായി ദിവസം ഒന്നിന് 500/- രൂപാ വീതം ഈടാക്കുന്നതാണ്. പരമാവധി 15 ദിവസത്തിനകം ലേല വസ്തു മുഴുവൻ സംഖ്യയും ജി എസ്.റ്റി യും വാടകയും പിഴ പലിശയും അടച്ചുകൊണ്ട് പോകാത്തപക്ഷം പ്രസ്തുത ആളുടെ നിരതദ്രവ്യവും മുൻകൂർ അടച്ച സംഖ്യയും അനെർട്ടിലേയ്ക്ക് കണ്ടു കെട്ടുന്നതിനും തുടർ /അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരക്കാരെ തുടർന്നുള്ള ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.
9. വാഹന ലേലത്തിലും/ക്വട്ടേഷനിലും ഏറ്റവും കൂടിയ നിരക്ക് എഴുതിയ ആദ്യത്തെ മൂന്ന് പേരുടെ നിരതദ്രവ്യം അനെർട്ടിൽ സൂക്ഷിക്കുന്നതും 10 ദിവസത്തിനു ശേഷം അർഹതയുള്ളവർക്ക് തിരികെ നൽകുന്നതുമാണ്.
10. ഈ ക്വട്ടേഷൻ/ലേല നോട്ടീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കാനുള്ള പൂർണ്ണ അധികാരം നിയമപരമായി അനെർട്ട് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഈ ക്വട്ടേഷൻ/ലേലം യാതൊരു കാരണമോ മുന്നറിയിപ്പോ കൂടാതെ നിർത്തി വയ്ക്കാനോ, റദ്ദാക്കാനോ ഉള്ള അധികാരം അനെർട്ട് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതും, ഈ ലേലവുമായി ബന്ധപ്പെട്ട ഏതെങ്കിലും തർക്കമോ വ്യവഹാരമോ വരികയാണെങ്കിൽ അത് തിരുവനന്തപുരത്തുള്ള കോടതികളിൽ മാത്രം കൈകാര്യം ചെയ്യപ്പെടാവുന്നതുമാണ്.

ജനറൽ മാനേജർ

AGENCY FOR NON-CONVENTIONAL ENERGY & RURAL TECHNOLOGY
ANERT
TVM